
സമൂഹശാസ്ത്ര വിദ്യാർത്ഥികൾ നടത്തിയ സർവ്വെ റിപ്പോർട്ട്



സഫ്‌വാൻ

പെൺകുട്ടികൾക്ക് ആൺകുട്ടികളോടും

# ചോദിക്കാനുള്ളത്

ആൺകുട്ടികൾക്ക് പെൺകുട്ടികളോടും

പെൺകുട്ടികൾ ആൺകുട്ടികളെയും ആൺകുട്ടികൾ പെൺകുട്ടികളെയും അവധിയില്ലാ ദിനങ്ങളിലൊക്കെയും ക്യാംപസിൽ കാണുന്നു. വർത്തമാനം പറയുന്നു. ചിലപ്പോൾ ശണ്ഠ കൂടുന്നു. ദേഷ്യപ്പെടുന്നു. സ്നേഹമറിയിക്കുന്നു. ക്യാംപസിലെ പെൺകുട്ടികൾക്ക് ആൺകുട്ടികളോട് എന്തെങ്കിലും ചോദിക്കാനുണ്ടോ? ആൺകുട്ടികൾക്ക് പെൺകുട്ടികളോട് എന്തെങ്കിലും ചോദിക്കാനുണ്ടോ? ചോദിക്കാനാശിച്ചിട്ടും ഉള്ളിൽ കൊണ്ടുനടക്കുന്ന ഒരു ചോദ്യം. അല്ലെങ്കിൽ രണ്ടു ചോദ്യങ്ങൾ. ഇതാ, ഇത്രയും നാളായി ആൺകുട്ടികളേ... നിങ്ങളോട് ചോദിക്കാനാശിച്ച ചോദ്യങ്ങളാണിവ. എയ്, പെൺകുട്ടികളേ... നിങ്ങളുടെ മുഖത്തുനോക്കി ചോദിക്കാൻ ആഗ്രഹിച്ച, എന്നാൽ ഉച്ചത്തിൽ ചോദിക്കാത്ത ചോദ്യങ്ങൾ. വിവിധ ക്യാംപസുകളിലുള്ള കലാലയ വിദ്യാർത്ഥികളിൽനിന്ന് ഈ ചോദ്യങ്ങൾ കേൾക്കാൻ ഫാറൂഖ് കോളേജ് സോഷ്യോളജി മൂന്നാം വർഷം, മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾ ഒരു ശ്രമം നടത്തി. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ കോളേജുകളിൽ 76 വിദ്യാർത്ഥികൾ നടത്തിയ സർവ്വെയിൽ പെൺകുട്ടികളോട് ചോദിച്ചു: *നിങ്ങൾ പെൺകുട്ടി എന്ന നിലയിൽ ആൺകുട്ടികളോടോ പുരുഷന്മാരോടോ, സാമൂഹികമോ സാംസ്കാരികമോ ആയ തലങ്ങളിൽ പ്രാധാന്യമുള്ള എന്തെങ്കിലും ചോദിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?* ഇത് ഏതെങ്കിലും ഒരു ആൺകുട്ടിയോടോ പുരുഷനോടോ ഉള്ള ചോദ്യമല്ല.ആൺകുട്ടികൾ പൊതുവെ അനുഭവിക്കുന്ന ഏതെങ്കിലും മേഖലയിൽ പെൺകുട്ടി എന്ന നിലയിൽ നിങ്ങൾ ചോദിക്കാനാഗ്രഹിക്കുന്ന ചോദ്യം. ഇന്നത്തെ സാമൂഹിക യാഥാർത്ഥ്യത്തെ മനസ്സിലാക്കാനോ പ്രകടിപ്പിക്കാനോ ഉതകുന്ന ചോദ്യം. ആൺകുട്ടികളോടും ഇതേ ചോദ്യം ചോദിച്ചു. കൗതുകകരം. സർവ്വെയ്ക്കു ചെന്ന പെൺകുട്ടിയോടുള്ള ചില വിരുതന്മാരുടെ ചോദ്യം: *നല്ല തടിമാടന്മാരായ ആങ്ങളമാരുണ്ടോ?* പറയൂ. പെൺകുട്ടികൾ പലരും ചോദിച്ചു: *സ്ത്രീയെ ഒരു ധനമായി നിങ്ങൾ സ്വീകരിക്കാനൊരുക്കമുണ്ടോ?*



| നമ്പർ | കോളേജ് | പെൺകുട്ടികൾ | ആൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 1 | ഗവ. കോളേജ്, മലപ്പുറം | 32 | 43 | 75 |
| 2 | പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി | 87 | 66 | 153 |
| 3 | ഇ.എം.ഇ.എ. കോളേജ്, കൊണ്ടോട്ടി | 96 | 81 | 177 |
| 4 | സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി | 44 | 34 | 78 |
| 5 | മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട് | 92 | 78 | 170 |
| 6 | സാമൂരിൻസ് ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട് | 90 | 89 | 179 |
| 7 | മെഡിക്കൽ കോളേജ്, കോഴിക്കോട് | 4 | 13 | 17 |
| | ആകെ | 445 | 404 | 849 |

ഏഴു കോളേജുകളിൽനിന്നാണ് വിവരശേഖരണം നടത്തിയത്. ഏഴ് കോളേജുകളിലെയും ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തി. മൂന്നു കോളേജുകൾ മലപ്പുറം ജില്ലയിലേത്. കോഴിക്കോട് ജില്ലയിലെ നാല് കോളേജുകളിലൊന്ന് മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളാണ് ചോദ്യം ചോദിക്കാൻ സമയമില്ലെന്നോ മറ്റൊരു സമയം വരുമോ എന്നൊക്കെ പറഞ്ഞ് തടിതപ്പിയത്. കോഴിക്കോട് ക്രിസ്ത്യൻ കോളേജിലെയും സാമൂരിൻസ് ഗുരുവായൂരപ്പൻ കോളേജിലെയും പി.എസ്.എം.ഒ. കോളേജിലെയും വിദ്യാർത്ഥികൾ ചോദ്യങ്ങൾ ചോദിക്കാൻ കൂടുതൽ സന്മനസ്സു കാണിച്ചു. എല്ലാവർക്കും നന്ദി.



എന്തും ചോദിക്കാനവസരം കൊടുക്കുമ്പോൾ പലരും ചോദിക്കുന്നതിൽ സമാനത വരുമോ? പെൺകുട്ടികളുടെ ചോദ്യങ്ങളിലാണ് പൊതുചോദ്യങ്ങൾ ഏറെയും പ്രത്യക്ഷപ്പെട്ടത്. *സ്ത്രീധനരഹിത വിവാഹത്തിന് തയ്യാറാകുമോ?* ഇതു നേരത്തെ മനസ്സിലാക്കിയാവണം ഒരു സമർത്ഥന്റെ ചോദ്യം. *അച്ഛനമ്മമാരോട് വിവാഹനേരം ചോദിച്ചുവാങ്ങി വരനു നൽകില്ലല്ലേ?* ചിലരുടെ ചോദ്യം. *പെൺകുട്ടികൾ എന്തുകൊണ്ടാണ് ആണിന്റെ തണലിൽ വളരാനാഗ്രഹിക്കുന്നത്?* പെൺകുട്ടികളുടെ പ്രതികരണം. *ഞങ്ങളെ എന്തിന് എപ്പോഴും കീഴടക്കി നിർത്താനാശിക്കുന്നു?*



പിതൃത്വമോ മാതൃത്വമോ പ്രകടിപ്പിക്കാത്ത ചോദ്യങ്ങളും ധാരാളം. ഫോൺ നമ്പർ അടക്കമുള്ള ചോദ്യവുമുണ്ട്. *(തന്നെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നു. സമ്മതമെങ്കിൽ ബന്ധപ്പെടുമല്ലോ!).* ഇങ്ങനെ പോകുന്നു ചോദ്യങ്ങൾ. ചോദ്യങ്ങൾ ചോദിക്കുമെന്നറിഞ്ഞ് ഉത്തരമായി നൽകിയ മുൻകൂർ ചോദ്യങ്ങൾ. ഓരോ കോളേജിൽനിന്നും തിരഞ്ഞെടുത്ത ചോദ്യങ്ങൾ വായിക്കുക. എന്നിട്ട്.... *നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ഉച്ചത്തിൽ ചോദിക്കുക.*

o

# ആൺ ചോദ്യങ്ങൾ

*കെ. മിർതാസ്*

മലബാർ ക്രിസ്ത്യൻ കോളേജ്

1. ബസ്സിലും തിയറ്ററുകളിലും സ്ത്രീകൾക്ക് പ്രത്യേകം ഇരിപ്പിടം നൽകുന്നത് വിവേചനമല്ലേ?
2. എന്തു കൊണ്ടാണ് ആൺകുട്ടികളെ പെൺകുട്ടികൾ പേടിക്കുന്നത്?

*പി. മിഥുൻ ലാൽ*

സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി

1. ക്യാംപസ് പ്രതിനിധി എന്ന നിലയിൽ ഉഭയ ലൈംഗികതയെ എങ്ങനെ സമീപിക്കുന്നു?
2. ക്യാംപസിൽ ലിംഗജനാധിപത്യം നിലവിലുണ്ടോ?

*അലിമോൻ*

ഗവ. കോളേജ് മലപ്പുറം

1. ആലോചന വരുന്നുണ്ടോ, ഉറപ്പിച്ചതാണോ?
2. ആങ്ങളമാരുണ്ടോ?

*മുനീർ*

പി.എസ്.എം.ഒ. കോളേജ്

1. നിങ്ങൾക്ക് ഇങ്ങനെ ബലം പിടിച്ചു നടക്കാതെ അൽപ്പം ശ്വാസം വിട്ടു നടന്നുകൂടെ?
2. പരസ്യപ്പലകയിൽ നിങ്ങളെ കാണുമ്പോൾ ഒന്നും തോന്നാറില്ലേ?

*ആർ. നൗഫൽ*

മെഡിക്കൽ കോളേജ്

1. യൂറോപ്യൻ സംസ്കാരത്തെ കണ്ണുമടച്ച് അനുകരിക്കാതെ കേരളീയ രീതിയിൽ മാന്യമായി വസ്ത്രം ധരിച്ചുകൂടെ?
2. ഒരേ പരീക്ഷ എഴുതി, ഒരേ ബെഞ്ചിലിരിക്കുന്ന നിലയ്ക്ക് ഈ അഹങ്കാരവും പുച്ഛവും ഒഴിവാക്കിക്കൂടെ?

*നിഖിൽനാഥ്*

ഗുരുവായൂരപ്പൻ കോളേജ്

1. ഉപരിപഠനം ലഭിച്ച വനിതകൾ വീട്ടുതടങ്കലിൽ കഴിയുന്നതിനെക്കുറിച്ച് എന്താണ് സമീപനം?
2. എൻട്രൻസ് പരീക്ഷയിൽ കേരളത്തിലെ പെൺകുട്ടികൾക്ക് എന്നെങ്കിലും റാങ്ക് ലഭിക്കുമോ?

*പി. നിഷാദ്*

ഇ.എം.ഇ.എ. കോളേജ്

1. എന്താ പേര്?
2. എവിടെയാ വീട്?

# പെൺചോദ്യങ്ങൾ

*എക്സ്*
മെഡിക്കൽ കോളേജ്

1 ഗേൾസിനെ പറ്റി ഇങ്ങനെ ജഡ്ജ്മെന്റ് നടത്താൻ നിങ്ങൾ ആരാന്നാ വിചാരം?

2 പെൺകുട്ടികളെ കുറ്റപ്പെടുത്താൻ നഷ്ടപ്പെടുത്തുന്ന സമയം സ്വന്തം കുറ്റം തിരുത്തിക്കൂടെ?

*എം.പി. റിസാന*
പി.എസ്.എം.ഒ. കോളേജ്

1 ആരുമില്ലാത്ത ഒരിടത്ത് ഒരു പെൺകുട്ടിയെ തനിച്ചു കണ്ടാൽ നിങ്ങൾ എന്തുചെയ്യും?

2 നിങ്ങളുടെ മനോഭാവത്തിൽ ഒരു സ്ത്രീ എങ്ങനെ ആയിരിക്കണം?

*എക്സ്*
ഗവ. കോളേജ്, മലപ്പുറം

1 സ്ത്രീസംരക്ഷണം എന്നതിനോട് യോജിക്കുന്നുണ്ടോ?

2 മദ്യപാനത്തോടുള്ള മനോഭാവം എന്ത്?

X
Guruvayoorappan College

1 Just by making freely, why do they consider everything granted?

2 Is male domination justifiable in the present scenario?

*ശ്രേയ ലോറൻസ്*
മലബാർ ക്രിസ്ത്യൻ കോളേജ്

1 ലോ വെയ്സ്റ്റ് ജീൻസിട്ടു നടക്കുമ്പോൾ കമന്റടിക്കാത്ത പെൺകുട്ടികളെ, അവർ പുത്തൻ വസ്ത്രം ധരിച്ചു പോകുമ്പോൾ ഹറാസ് ചെയ്യുന്നതെന്തിനാണ്?

2 വഴിയിൽ മൂത്രം ഒഴിക്കാൻ മടിക്കാത്ത നിങ്ങൾ, മാന്യമായി ടോയ്ലെറ്റിൽ പോകുന്ന ഞങ്ങൾക്കു പിന്നാലെ എന്തിന് ക്യാമറയും കൊണ്ടുവരുന്നു?

*പി. ഷഹ്ല*
സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി

1 നട്ടെല്ലുണ്ടോ?

2 അധ്വാനിക്കാനുള്ള ശേഷിയുണ്ടോ?

*സി.പി. സജ്ല ബാനു*
ഇ.എം.ഇ.എ. കോളേജ്

1 ഒരു പെൺകുട്ടി തനിച്ചു നടക്കുമ്പോൾ കമന്റടിക്കുന്ന നിങ്ങൾ അമ്മയേയും സഹോദരിമാരെയും ഓർക്കാറുണ്ടോ?

2 ഒരു നല്ല സ്ത്രീ എങ്ങനെയുള്ളവളായിരിക്കണം?

# മഹാപാതി

## അതാര് ?

മലയാളത്തിന്റെ മഹാന്മാരായി ചിലരെ ചൂണ്ടിക്കാട്ടാനുണ്ട്. പ്രതിഭയാലും പ്രവർത്തനങ്ങളാലും ചിലരെ ദേശീയതലത്തിലേക്കെങ്കിലും ഉയർത്താൻ നാം ശ്രമിക്കുമ്പോൾ പുരുഷന്മാരാണ് മുന്നിലെത്തുക. താരതമ്യപ്പെടുത്താനാവാത്ത സാമൂഹിക സാഹചര്യങ്ങളാണ് സ്ത്രീ–പുരുഷന്മാർക്കുണ്ടായിരുന്നത് എന്നതു പോലും നാം പരിഗണിക്കാറില്ല. സംവരണ മണ്ഡലമാക്കി സ്ത്രികൾക്കിടയിൽനിന്ന് കേരളം കണ്ട മഹതിയെ തിരഞ്ഞെടുക്കുകയാണെങ്കിലോ?

എളുപ്പമല്ലെന്നറിയാമായിരുന്നു. ഓരോ മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ളവരെ താരതമ്യപ്പെടുത്തി ഒരാളെ കണ്ടെത്തുക എന്നതു യുക്തിഭദ്രമാവുമോ എന്ന സംശയമുണ്ടായിരുന്നു. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലെ പ്രവർത്തനങ്ങളെ കാലവും ചുററുവട്ടവും പരിഗണിച്ചാണ് വിശകലനം ചെയ്യേണ്ടത് എന്നറിയാമായിരുന്നു. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരന്വേഷണം....

കേരളം കണ്ട മഹതി ആര്?

അഭിപ്രായ വോട്ടെടുപ്പു നടത്തി തീരുമാനിക്കേണ്ട കാര്യമല്ലെന്നറിയാമായിരുന്നു. വിവിധ മേഖലകളിൽ പ്രവർത്തിച്ചവരുടെ സംഭാവനകളെ വിലയിരുത്താനുള്ള സമഗ്രമായ കാഴ്ചപ്പാടും വിശകലന ബോധവുമുള്ളവരാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത് എന്നു കരുതി. കേരളത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരും അപ്രശസ്തരുമായ നൂറുപേരുടെ അഭിപ്രായമാരായാൻ തീരുമാനിച്ചു. വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്നവരുടെ പട്ടിക ഉണ്ടാക്കി. ഇവരെയെല്ലാം നേരിട്ടുകണ്ട് ചർച്ച ചെയ്ത് അഭിപ്രായം രേഖപ്പെടുത്തുക പ്രയാസകരമായിരുന്നു. ടെലിഫോൺ ഇന്റർവ്യൂ നടത്താൻ തീരുമാനമായി.

ടെലിഫോൺ ഇന്റർവ്യൂ ഒരാൾ നടത്താൻ തീരുമാനിച്ചത് അഭിപ്രായമാരായുന്നവരുടെ താൽപ്പര്യം ഒരു കാരണവശാലും വേറിട്ടു നിൽക്കരുത് എന്ന മുൻകരുതൽ കൊണ്ടാണ്. ടെലിഫോണിലൂടെ അഭിപ്രായം ശേഖരിക്കുന്നത് ഒട്ടും എളുപ്പമായിരുന്നില്ല. ചിലർക്ക് ഒരാളെ കണ്ടെത്താൻ വിഷമം, മറ്റു ചിലർക്ക് ആലോചിക്കണം, വേറെ ചിലർക്ക് ഇതുകൊണ്ടെന്തു കാര്യമെന്ന സംശയം. നൂറു പേരിൽ നാലു പേർ– ഉമ്മൻ ചാണ്ടി, ബി.ആർ.പി. ഭാസ്കർ, കെ. അജിത, ഡോ. കെ.എസ്. പവിത്രൻ– ഒരാളെ തിരഞ്ഞെടുക്കാൻ തയ്യാറായില്ല.

ഒരു മാസത്തിലധികമെടുത്തു ടെലിഫോൺ ഇന്റർവ്യൂവിന്. ഓരോ ആളിനോടും അവരുടെ തിരഞ്ഞെടുപ്പിന്റെ വിശദീകരണം ഒരു വാചകമെങ്കിലും തരാൻ അഭ്യർത്ഥിച്ചിരുന്നു.






അവരുടെ അഭിപ്രായമനുസരിച്ച് മുൻഗണനാ ക്രമത്തിൽ ആറു പേരെ തിരഞ്ഞെടുത്തു.

1. മാധവിക്കുട്ടി/കമല സുരയ്യ/കമല ദാസ്
2. കെ.ആർ. ഗൗരിയമ്മ
3. പി.ടി. ഉഷ
4. സുഗതകുമാരി
5. കുട്ടിമാളുഅമ്മ
6. കുറിയേടത്തു താത്രി

ഡോ. എം.ജി.എസ്. നാരായണൻ, ബിനോയ് വിശ്വം, അക്ബർ കക്കട്ടിൽ എന്നിവരുടെ മുന്നിൽ ഈ പട്ടിക സമർപ്പിച്ചു. അവരുമായുള്ള ചർച്ചയിൽനിന്നാണ് ഏറ്റവും കൂടുതൽ പേർ തിരഞ്ഞെടുത്ത കേരളം കണ്ട മഹതിയെ അവതരിപ്പിക്കുന്നത്.

ഒരു പക്ഷേ, ഒരു പ്രസിദ്ധീകരണമോ സംഘടനയോ സ്ഥാപനമോ ഇതുവരെ നടത്താത്ത ഈ തിരഞ്ഞെടുപ്പ് അഭിമാനത്തോടെ അവതരിപ്പിക്കുന്നു.



# മഹാപാതി



**കമല സുരയ്യ/മാധവിക്കുട്ടി/കമല ദാസ്**
**(1932 - 2009)**